| 12–01–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ആത്മാവാകുന്ന സഹോദരനോട് സംസാരിക്കൂ. ആത്മീയ ദൃഷ്ടി പക്കായാക്കൂ എങ്കിൽ ഭൂതത്തിന് പ്രവേശിക്കാൻ കഴിയില്ല. എപ്പോഴെങ്കിലും ചിലരിൽ ഭൂതം പ്രവേശിച്ചത് കണ്ടാൽ അവരിൽനിന്ന് ദൂരെപ്പോകൂ.**

**ചോദ്യം:–** ബാബയുടേതായി മാറിയിട്ടും ആസ്തികരും നാസ്തികരുമായ കുട്ടികളുണ്ട്. എങ്ങനെ?
**ഉത്തരം:–** ഈശ്വരീയ നിയമങ്ങളെ പാലിക്കുകയും ദേഹി അഭിമാനിയായിരിക്കാനുള്ള പുരുഷാർത്ഥവും ചെയ്യുന്നവരാണ് ആസ്തികർ. നാസ്തികരായവർ ഈശ്വരീയ നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയും ഭൂതങ്ങൾക്ക് വശപ്പെട്ട് പരസ്പരം വഴക്കും ലഹളയും നടത്തുന്നവരാണ്. 2) ആസ്തികരായ കുട്ടികൾ ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളേയും ബുദ്ധിയിൽ നിന്ന് വേർപെടുത്തി സ്വയത്തെ സഹോദരനാണെന്ന് മനസ്സിലാക്കിയിരിക്കും. നാസ്തികരായവർ ദേഹാഭിമാനത്തിൽ ഇരിക്കും.

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് ആദ്യം മനസ്സിലാക്കിത്തരുന്നു അല്ലയോ കുട്ടികളേ, സദാ ഈ കാര്യം ഓർമ്മയിൽ വെക്കൂ ശിവബാബ നമ്മുടെ സുപ്രീം ശിക്ഷകനാണ് സുപ്രീം സദ്ഗുരുവുമാണ്. ഈ കാര്യം ആദ്യമാദ്യം ബുദ്ധിയിൽ തീർച്ചയായും വരണം. ഓരോരുത്തർക്കും സ്വയം മനസ്സിലാക്കാൻ സാധിക്കും നമ്മുടെ ബുദ്ധിയിൽ വന്നിട്ടുണ്ടോ ഇല്ലയോ എന്ന്. അഥവാ ബുദ്ധിയിൽ ഓർമ്മ വന്നിട്ടുണ്ടെങ്കിൽ ആസ്തികരാണ്. വന്നിട്ടില്ലായെങ്കിൽ നാസ്തികരാണ്. വിദ്യാർത്ഥികളുടെ ബുദ്ധിയിൽ ടീച്ചറാണ് വന്നിരിക്കുന്നതെന്ന് പെട്ടെന്നുതന്നെ വരണം. വീട്ടിലിരിക്കുകയാണെങ്കിൽ അത് മറന്നുപോകുന്നു. ചിലർ വളരെ ബുദ്ധിമുട്ടിയാണ് മനസ്സിലാക്കുന്നത് നമ്മുടെ ബാബ വന്നിരിക്കുകയാണ്. അത് ടീച്ചറാണ്, തിരിച്ചു കൊണ്ടുപോകുന്ന സദ്ഗുരുവുമാണ്. ഓർമ്മ വരുന്നതിലൂടെ അളവറ്റ സന്തോഷം ഉണ്ടാകും. ഇല്ലായെങ്കിൽ തന്റെ തന്നെ ദുഃഖവും വേദനയുമുള്ള ലോകത്തിന്റെ മോശമായ കാര്യങ്ങളുടെ ചിന്തകളിൽ ഇരിക്കും. രണ്ടാമത്തെ കാര്യം വളരെ പേർ കുട്ടികളോടു ചോദിക്കാറുണ്ട് വിനാശത്തിന് എത്ര സമയമുണ്ട്. പറയൂ, ഇത് ചോദിക്കേണ്ട കാര്യമല്ല. ആദ്യം ഇത് നമുക്ക് ആര് മനസ്സിലാക്കിത്തന്നു അവരെ അറിയൂ. ആദ്യം ബാബയുടെ പരിചയം കൊടുക്കൂ. ശീലം ഉണ്ടാവുകയാണെങ്കിൽ മനസ്സിലാക്കിക്കൊടുക്കാം. ഇല്ലെങ്കിൽ മറന്നുപോകും. ബാബ എത്രയാണ് പറയുന്നത് സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. മറ്റുള്ളവരെ ആത്മാ ദൃഷ്ടിയോടെ നോക്കൂ. പക്ഷേ ആ ദൃഷ്ടി നിൽക്കുന്നില്ല. രൂപയിൽ നിന്ന് ഒരണക്കു പോലും ബുദ്ധിമുട്ടിയാണ് ഇരിക്കുന്നത്. ബുദ്ധിയിൽ ഇരിക്കാത്തതുപോലെ. ഇത് ബാബ ശാപം നൽകുന്നില്ല. ഇത് ബാബ മനസ്സിലാക്കിത്തരികയാണ് ഈ ജ്ഞാനം വളരെ ഉയർന്നതാണ്. രാജ്യത്തിന്റെ സ്ഥാപന നടക്കുകയാണ്. ദരിദ്രനിൽ നിന്നും രാജാവായി മാറുന്നു. രാജാക്കന്മാർ കുറച്ചുണ്ടാകുന്നു, ബാക്കി ദരിദ്രന്മാർ നമ്പർവാർ ഉണ്ടാകുന്നു. ലാസ്റ്റ് നമ്പറിലുള്ളവരുടെ ബുദ്ധിയിൽ ഒരിക്കലും ഒരു കാര്യവും ഇരിക്കില്ല. അതുകൊണ്ട് ആദ്യം എപ്പോഴെങ്കിലും ആർക്കെങ്കിലും മനസ്സിലാക്കി ക്കൊടുക്കുകയാണെങ്കിൽ അതിൽ മനസ്സിലാക്കിക്കൊടുക്കൂ. അതിലും എഴുതിയിട്ടുണ്ട് സുപ്രീം ആയ അച്ഛൻ, സുപ്രീം ആയ ടീച്ചർ സദ്ഗുരുവാണ്.

ആദ്യം എപ്പോഴാണോ ഇത് നിശ്ചയമുണ്ടാകുന്നത് മനസ്സിലാക്കിത്തരുന്നത് സുപ്രീം ഫാദറാണ്. അപ്പോൾ സംശയം വരികയില്ല. ബാബയ്ക്കല്ലാതെ ഈ സ്ഥാപന മറ്റാർക്കും ചെയ്യാൻ സാധിക്കില്ല. നിങ്ങൾ എപ്പോഴാണോ ഇത് മനസ്സിലാക്കിക്കൊടുക്കുന്നത് ഈ സ്ഥാപന നടന്നുകൊണ്ടിരിക്കുന്നത് അപ്പോൾ അവരുടെ ബുദ്ധിയിൽ തീർച്ചയായും വരും ഇവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നവർ ആരോ ഉണ്ട്. ഒരു മനുഷ്യനും ഇങ്ങനെ പറയാൻ സാധിക്കില്ല ഈ രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ആദ്യമാദ്യം ബാബയുടെ നിശ്ചയം പക്കായാക്കണം. നമ്മളെ പരമാത്മാവായ ബാബയാണ് പഠിപ്പിക്കുന്നത്. ഇത് ഒരു മനുഷ്യമതവുമല്ല ഈശ്വരീയ മതമാണ്. ഈ നിശ്ചയം അതുവരേക്കും ഉണ്ടാവുകയില്ല അതുകൊണ്ട് ചോദിച്ചുകൊണ്ടേയിരിക്കും എങ്ങനെയാണ് നടക്കുന്നത്. അതുകൊണ്ട് ആദ്യമാദ്യം ശ്രീമതത്തിന്റെ കാര്യം ബുദ്ധിയിൽ ഇരുത്തണം അപ്പോൾ മുന്നോട്ട് മനസ്സിലാക്കാൻ സാധിക്കും. ഇല്ലായെങ്കിൽ മനുഷ്യമതമാണെന്ന് മനസ്സിലാക്കും. ഓരോ മനുഷ്യരുടേയും അഭിപ്രായം വ്യത്യസ്തമാണ്. മനുഷ്യരുടെ അഭിപ്രായങ്ങൾ ഒന്നാകാൻ സാധിക്കില്ല. ഈ സമയം നിങ്ങൾക്ക് മതം നൽകുന്നവൻ ഒരേ ഒരാളാണ്. അവരുടെ ശ്രീമതത്തിൽ നിയമമനുസരിച്ച് നടക്കുക അതും ബുദ്ധിമുട്ടാണ്. ബാബ പറയുന്നു ദേഹി അഭിമാനിയായി മാറൂ. ഇങ്ങനെ മനസ്സിലാക്കൂ നമ്മൾ സഹോദരൻ സഹോദരനോട്

സംസാരിക്കുകയാണ്. അപ്പോൾ വഴക്കുകൾ ഉണ്ടാകാൻ സാധിക്കില്ല. ദേഹാഭിമാനത്തിൽ വന്നാൽ മനസ്സിലാക്കൂ നാസ്തികരാണ്. ദേഹി അഭിമാനിയല്ലായെങ്കിൽ അവർ നാസ്തികരാണ്. ദേഹി അഭിമാനിയായി മാറുകയാണെങ്കിൽ ആസ്തികരാണെന്ന് മനസ്സിലാക്കൂ. ദേഹാഭിമാനം വളരെ നഷ്ടമുണ്ടാക്കുന്നതാണ്. അൽപമെങ്കിലും വഴക്കടിക്കുകയാണെങ്കിൽ നാസ്തികരാണ്. ബാബയെ അറിയുന്നില്ല. ക്രോധത്തിന്റെ ഭൂതമുണ്ടെങ്കിൽ നാസ്തികരായി. ബാബയുടെ കുട്ടികളിൽ ഭൂതം എവിടെനിന്ന് വന്നു. അവർ ആസ്തികരല്ല. ബാബയോട് സ്നേഹമുണ്ടെന്ന് എത്രതന്നെ പറഞ്ഞാലും. പക്ഷേ ഈശ്വരീയ നിയമത്തിന് വിരുദ്ധമായി സംസാരിക്കുകയാണെങ്കിൽ അവരെ രാവണസംസ്കാരത്തിലാണെന്ന് മനസ്സിലാക്കണം. ദേഹാഭിമാനത്തിലാണ്. ആരിലെങ്കിലും ഭൂതത്തെ കാണുകയാണെങ്കിലോ ദൃഷ്ടി മോശമായി കാണുകയാണെങ്കിലോ പെട്ടെന്ന് മാറണം. ഭൂതത്തിന്റെ മുന്നിൽ നിന്നാൽ ഭൂതത്തിന്റെ പ്രവേശത ഉണ്ടാകും. ഭൂതം ഭൂതത്തോട് വഴക്കടിക്കും. ഭൂതം വന്നു എങ്കിൽ പൂർണ്ണമായും നാസ്തികരാണ്. ദേവതകളാണെങ്കിൽ സർവ്വഗുണസമ്പന്നരാണ്. ആ ഗുണമില്ലായെങ്കിൽ നാസ്തികരാണ്. നാസ്തികർ സമ്പത്തെടുക്കുകയില്ല. ഒട്ടുംതന്നെ കുറവുണ്ടാകാൻ പാടില്ല. ഇല്ലായെങ്കിൽ വളരെ ശിക്ഷകളനുഭവിച്ച് പ്രജയിലേക്ക് പോകേണ്ടതായിവരും. ഭൂതത്തിൽ നിന്ന് ദൂരെയിരിക്കണം. ഭൂതത്തെ നേരിട്ടാൽ ഭൂതം വരും. ഭൂതത്തോട് ഒരിക്കലും എതിരിടരുത്. അവരോട് കൂടുതൽ സംസാരിക്കാനും പാടില്ല. ബാബ പറയുന്നു – ഇത് ഭൂതങ്ങളുടെ ലോകമാണ്. ഭൂതം ഏതുവരെ വിട്ടുപോകുന്നില്ലയോ, ശിക്ഷകൾ അനുഭവിക്കണം. പദവിയും ലഭിക്കില്ല. യുദ്ധം ഒന്നുതന്നെയാണ്. ചിലർ രാജാവാകുന്നു ചിലർ ദരിദ്രനായി മാറുന്നു. രാജാവിന്റെ ലോകം ഉണ്ടായിരുന്നു ഇപ്പോൾ ദരിദ്രരുടെ ലോകമാണ്. എല്ലാവരിലും ഭൂതം ഉണ്ട്. ഭൂതത്തെ ഇല്ലാതാക്കാനുള്ള പൂർണ്ണമായ പുരുഷാർത്ഥം ചെയ്യണം. ബാബ മനസ്സിലാക്കിത്തരുന്നു പല തരത്തിലുള്ള സ്വഭാവമുണ്ട്. പറയാതിരിക്കുന്നതാണ് ഭേദം .

അപ്പോൾ പ്രദർശനി മുതലായവയിൽ ബാബയുടെ പരിചയം കൊടുക്കണം ബാബ എത്ര സ്നേഹിയാണ്. ബാബ നമ്മളെ ഇങ്ങനെ ദേവതയാക്കി മാറ്റുന്നു. പറയാറുണ്ട് മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നു.... ദേവതകളായിരുന്നു സത്യയുഗത്തിൽ അപ്പോൾ തീർച്ചയായും അതിനു മുമ്പ് കലിയുഗമായിരുന്നു. ഈ സൃഷ്ടിചക്രത്തിന്റെ കാര്യം ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഇപ്പോഴാണ് ഉള്ളത്. അവിടെ ഈ ജ്ഞാനം ഈ ദേവതകളിൽ ഉണ്ടാകുന്നില്ല. ഇപ്പോൾ നിങ്ങൾ നോളേജ്ഫുള്ളായി മാറുന്നു. പിന്നീട് പദവി ലഭിച്ചുകഴിഞ്ഞാൽ നോളേജിന്റെ ആവശ്യമില്ല. ബാബയിൽ നിന്നും നിങ്ങൾക്ക് 21 ജന്മത്തിന്റെ സമ്പത്ത് ലഭിക്കുന്നു. അതുകൊണ്ട് ഇങ്ങനെയുള്ള ബാബയെ എത്ര ഓർമ്മിക്കണം. ബാബ സദാ മനസ്സിലാക്കിത്തരുന്നു എപ്പോഴും മനസ്സിലാക്കൂ ശിവബാബയാണ് നമുക്ക് മനസ്സിലാക്കിത്തരുന്നത്. ശിവബാബ ഈ രഥത്തിലൂടെയാണ് നമ്മെ പഠിപ്പിക്കുന്നത്. ബാബ നമ്മുടെ അച്ഛനും ടീച്ചറും ഗുരുവുമാണ്. ഇത് പരിധിയില്ലാത്ത പഠിപ്പാണ്. നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ തുച്ഛബുദ്ധികളായിരുന്നു. ഈ കോളേജിനെ ആർക്കും അറിയില്ല. അതുകൊണ്ട് മനസ്സിലാക്കിക്കൊടുക്കുന്ന സമയം നല്ല രീതിയിൽ മനസ്സിലാക്കിക്കൊടുക്കൂ. കൃഷ്ണന്റെ കാര്യം തന്നെയല്ല. ബാബ മനസ്സിലാക്കിത്തരുന്നു കൃഷ്ണന് ചരിത്രം തന്നെയില്ല, ശിവബാബക്കല്ലാതെ. ബ്രഹ്മാ വിഷ്ണു ശങ്കരനു പോലും മഹിമ ഉണ്ടാകില്ല. മഹിമ ഒരേ ഒരാൾക്കാണുള്ളത് ആ ബാബ മനുഷ്യരിൽ നിന്നും ദേവതയാക്കി മാറ്റുന്നു വിശ്വത്തെ സ്വർഗ്ഗമാക്കി മാറ്റുന്നു. നിങ്ങൾ ആ ബാബയുടെ ശ്രീമതമനുസരിച്ച് നടക്കുകയാണ്. ബബായുടെ സഹായികളാണ്. ബാബയില്ലായെങ്കിൽ നിങ്ങൾക്ക് ഒന്നും തന്നെ ചെയ്യാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ കാൽക്കാശില്ലാത്തവരിൽ നിന്നും സമ്പന്നരായി മാറിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ സംഖ്യക്രമത്തിൽ മനസ്സിലാക്കിക്കഴിഞ്ഞു. അപ്പോൾ ആദ്യമാദ്യം ബാബയുടെ പരിചയം നൽകണം. കൃഷ്ണനാണെങ്കിൽ ചെറിയ കുട്ടിയാണ്. സത്യയുഗത്തിൽ കൃഷ്ണന് പരിധിയില്ലാത്ത ചക്രവർത്തി പദവിയാണ്. അവരുടെ രാജ്യത്തിൽ വേറെ ആരുമുണ്ടായിരുന്നില്ല. ഇപ്പോൾ കലിയുഗമാണ്. എത്ര ധർമ്മങ്ങളാണുള്ളത്. ഈ ഒരു ആദിസനാതനദേവീദേവതാ ധർമ്മം എപ്പോൾ സ്ഥാപന ചെയ്തു. ഇത് ആരുടെ ബുദ്ധിയിലും ഇല്ല. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചുണ്ട്. അതുകൊണ്ട് ആദ്യം ബാബയുടെ മഹിമയുടേമേൽ നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കണം. നമുക്കറിയാം തീർച്ചയായും ബാബയിൽ നിന്നാണ് പരിചയം ലഭിച്ചത്. ബാബ പറയുന്നു സർവ്വരുടേയും സത്ഗതിദാതാവ് ഞാനാണ്. കൽപകൽപം ഞാൻ നിങ്ങൾ കുട്ടികൾക്ക് നിർദ്ദേശം നൽകുന്നു സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ എന്നെ ഓർമ്മിക്കൂ. അപ്പോൾ ആത്മാവ് പതിതത്തിൽ നിന്നും പാവനമായി മാറും. ആത്മാഭിമാനിഭവ. മറ്റുള്ളവരേയും ആത്മാവാണെന്ന് മനസ്സിലാക്കുന്നതിലൂടെ ക്രിമിനൽ ദൃഷ്ടി ഇല്ലാതാകും. ആത്മാവുതന്നെയാണ് ശരീരത്തിലൂടെ കർമ്മം ചെയ്യുന്നത് – നമ്മളും ആത്മാവാണ് ഇതും ആത്മാവാണ്. ഇത് ഉറപ്പിക്കണം. നിങ്ങൾക്കറിയാം ആദ്യമാദ്യം 100 ശതമാനം പാവനമായിരുന്നു. പിന്നീട് പതീതമായി മാറി. ആത്മാവുതന്നെയാണ് വിളിക്കുന്നത് ബാബാ വരൂ. ആത്മാഭിമാനം പക്കായായിരിക്കണം മറ്റെല്ലാ

സംബന്ധവും മറക്കണം. നമ്മൾ ആത്മാക്കൾ സ്വീറ്റ് ഹോമിൽ വസിക്കുന്നവരാണ്. ഇവിടെ പാർട്ട് അഭിനയിക്കാൻ വന്നിരിക്കുകയാണ്. ഇത് നിങ്ങൾ കുട്ടികളാണ് മനസ്സിലാക്കുന്നത്. നിങ്ങളിലും നമ്പർവൈസാണ് ഓർമ്മയുണ്ടാകുന്നത്. ഭഗവാനാണ് പഠിപ്പിക്കുന്നത് എത്ര സന്തോഷമുണ്ടായിരിക്കണം. ഭഗവാൻ തന്റെ അച്ഛനാണ്, ടീച്ചറാണ്, സദ്ഗുരുവുമാണ്. നിങ്ങൾ പറയും നമ്മൾ അവരെയല്ലാതെ മറ്റാരെയും ഓർമ്മിക്കില്ല. ബാബ പറയുന്നു ദേഹസഹിതം ദേഹത്തിന്റെ എല്ലാം മുറിച്ച് എന്നെ മാത്രം ഓർമ്മിക്കൂ നിങ്ങളെല്ലാവരും സഹോദരങ്ങളാണ്. ചിലർ അംഗീകരിക്കും ചിലർ അംഗീകരിക്കില്ല അപ്പോൾ മനസ്സിലാക്കാം നാസ്തികരാണ്. നമ്മൾ ശിവബാബയുടെ കുട്ടികൾ പാവനമാകണം. ബാബയെ വിളിക്കുന്നതുതന്നെ ബാബ വന്ന് ഞങ്ങളെ പാവനലോകത്തിന്റെ അധികാരിയാക്കി മാറ്റൂ. സത്യയുഗത്തിലാണെങ്കിൽ പാവനമാകുന്നതിന്റെ കാര്യം തന്നെയില്ല. ആദ്യം ഇത് മനസ്സിലാക്കൂ ഇത് ശിവബാബയാണ്. ബാബയിലൂടെ ലോകത്തിന്റെ സ്ഥാപന നടക്കുന്നു. അഥവാ വിനാശം എപ്പോഴുണ്ടാകുമെന്ന് ചോദിക്കുകയാണെങ്കിൽ പറയൂ ആദ്യം അല്ലാഹുവിനെ മനസ്സിലാക്കൂ. അല്ലാഹുവിനെ മനസ്സിലാക്കിയില്ലായെങ്കിൽ പിന്നീടുള്ള കാര്യം ബുദ്ധിയിലെങ്ങിനെ വരും. ഞങ്ങൾ സത്യമായ ബാബയുടെ കുട്ടികൾ സത്യം പറയുന്നു. നമ്മൾ ഒരു മനുഷ്യന്റേയും കുട്ടികളല്ല. നാം ശിവബാബയുടെ കുട്ടികളാണ്. ഭഗവാനുവാച, ഭഗവാൻ എന്ന് അവരെ പറയുന്നു ആരാണോ എല്ലാ സഹോദരന്മാരുടേയും അച്ഛൻ. മനുഷ്യർ സ്വയം ഭഗവാനെന്ന് പറയാൻ സാധിക്കില്ല. ഭഗവാനാണെങ്കിൽ നിരാകാരനാണ്. അത് അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. ഒരു മനുഷ്യനും അച്ഛൻ, ടീച്ചർ, സത്ഗുരു ആകാൻ സാധിക്കില്ല. ഒരു മനുഷ്യനും ആരുടേയും സത്ഗതി ചെയ്യാൻ സാധിക്കില്ല. ഭഗവാനുമാകാൻ സാധിക്കില്ല.

ബാബയാണെങ്കിൽ പതിത പാവനനാണ്. പതിതമാക്കി മാറ്റുന്നത് രാവണനാണ്. ബാക്കിയെല്ലാം ഭക്തിയിലെ ഗുരുവാണ്. ഇതും നിങ്ങൾ കുട്ടികൾക്കറിയാം ഇവിടെ ആര് വരുന്നു അവർ ആസ്തികരായി മാറുന്നു. പരിധിയില്ലാത്ത ബാബയുടെ അടുത്ത് വന്ന് നിശ്ചയം ചെയ്യുന്നു. ഇത് നമ്മുടെ അച്ഛനും ടീച്ചറും ഗുരുവുമാണ്. എപ്പോഴാണോ മുഴുവൻ ദൈവീകഗുണവും വരുന്നത് അപ്പോൾ യുദ്ധം ഉണ്ടാകും. സമയമനുസരിച്ച് നിങ്ങൾ സ്വയം മനസ്സിലാക്കും ഇപ്പോൾ കർമ്മാതീത അവസ്ഥയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കർമ്മാതീത അവസ്ഥ ഉണ്ടായിട്ടില്ല. വളരെ ജോലിയുണ്ട്. വളരെ പേർക്ക് സന്ദേശം കൊടുക്കണം. ബാബയിൽ നിന്നും സമ്പത്തെടുക്കുന്നതിന് എല്ലാവർക്കും അധികാരമുണ്ട്. ഇപ്പോൾ യുദ്ധം ശക്തിയോടെ ഉണ്ടാകും പിന്നീട് ഈ ഹോസ്പിറ്റൽ, ഡോക്ടർ ഒന്നും തന്നെ ഉണ്ടാകില്ല. ബാബ കുട്ടികൾക്ക് സന്മുഖത്ത് മനസ്സിലാക്കിത്തരികയാണ് നിങ്ങളുടെ ആത്മാവ് 84 ജന്മത്തിന്റെ പാർട്ട് അഭിനയിക്കുന്നു. ചിലർക്ക് 70-80 ജന്മം ഉണ്ടാകും. എല്ലാവർക്കും പോകണം. വിനാശം ഉണ്ടാവുക തന്നെ വേണം. അപവിത്ര ആത്മാവിന് പോകാൻ സാധിക്കില്ല. പാവനമായി മാറുന്നതിന് ബാബയെ തീർച്ചയായും ഓർമ്മിക്കണം പരിശ്രമമുണ്ട്. 21 ജന്മത്തേക്ക് സ്വർഗ്ഗവാസിയായി മാറണം. ചെറിയ കാര്യമാണോ. മനുഷ്യർ പറയാറുണ്ട് ഇന്നയാൾ സ്വർഗ്ഗവാസിയായി. ഇപ്പോൾ സ്വർഗ്ഗം എവിടെയാണ്. ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. നിങ്ങൾ കുട്ടികൾക്ക് വളരെ സന്തോഷമുണ്ടായിരിക്കണം. ഭഗവാൻ നമ്മളെ പഠിപ്പി ക്കുന്നു വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. സന്തോഷം - ഒന്ന് സ്ഥായിയായ സന്തോഷം, രണ്ടാമത്തേത് അൽപകാലത്തിന്റെ. പഠിക്കുകയും പഠിപ്പിക്കുന്നുമില്ലായെങ്കിൽ സന്തോഷം എങ്ങനെയുണ്ടാകും. ആസുരീയ ഗുണങ്ങളെ ഓടിക്കണം. ബാബ എത്ര മനസ്സിലാക്കിത്തരുന്നു. കർമ്മഭോഗ് എത്രയാണ്. ഏതുവരേക്കും കർമ്മഭോഗ് ഉണ്ടോ ഇത് അടയാളമാണ് ഇതുവരേക്കും കർമ്മാതീത അവസ്ഥ ഉണ്ടായിട്ടില്ല. ഇപ്പോൾ പരിശ്രമിക്കണം. ഒരു മായയുടെ കൊടുങ്കാറ്റും വരരുത്. കുട്ടികൾക്ക് ഈ നിശ്ചയം ഉണ്ടായിരിക്കണം. ബാബ പല പ്രാവശ്യം മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റിയിട്ടുണ്ട് ഇത് ബുദ്ധിയിൽ വന്നാലും അഹോ സൗഭാഗ്യം. ഇത് പരിധിയില്ലാത്ത സ്കൂളാണ്, അതാണെങ്കിൽ പരിധിയുള്ളതാണ്. ബാബക്കാണെങ്കിൽ വളരെ ദയ തോന്നുന്നു എങ്ങിനെ മനസ്സിലാക്കും - ചിലരിൽ നിന്നാണെങ്കിൽ ഭൂതം തന്നെ പോയിട്ടില്ല. ഹൃദയത്തിൽ കയറുന്നതിനു പകരം വീണുപോകുന്നു. ചില കുട്ടികൾ തയ്യാറായിക്കൊണ്ടിരിക്കുന്നുണ്ട്, അനേകർക്ക് മംഗളം ചെയ്യുന്നതിനുവേണ്ടി. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ഒരു കാര്യവും ഈശ്വരീയ നിയമത്തിനു വിരുദ്ധമായി ചെയ്യരുത്. ആരിലെങ്കിലും അഥവാ ഭൂതം പ്രവേശിച്ചിട്ടുണ്ടെങ്കിൽ, ദൃഷ്ടി മോശമാണെങ്കിൽ അവരുടെ മുന്നിൽ നിന്നും മാറണം. കൂടുതൽ സംസാരിക്കരുത്.

2) സ്ഥായിയായ സന്തോഷത്തിലിരിക്കുന്നതിനു വേണ്ടി പഠിപ്പിൽ പൂർണ്ണമായും ശ്രദ്ധ കൊടുക്കണം. ആസുരീയ ഗുണങ്ങളെ ഇല്ലാതാക്കി ദൈവീക ഗുണം ധാരണ ചെയ്ത് ആസ്തികരായി മാറണം.

## വരദാനം:- നിശ്ചയത്തിന്റേയും ലഹരിയുടേയും ആധാരത്തിലൂടെ ഓരോ പരിസ്ഥിതിയിലും വിജയം പ്രാപ്തമാക്കുന്ന സിദ്ധി സ്വരൂപരായി ഭവിക്കൂ

യോഗത്തിലൂടെ ഇപ്പോൾ ഇങ്ങനെയുള്ള സിദ്ധി പ്രാപ്തമാക്കൂ അതിലൂടെ അപ്രാപ്തി പോലും പ്രാപ്തിയുടെ അനുഭവം ചെയ്യിക്കണം. നിശ്ചയവും ലഹരിയും ഓരോ പരിസ്ഥിതിയിലും വിജയിയാക്കി മാറ്റുന്നു. മുന്നോട്ട് പോകവെ ഇങ്ങനെയുള്ള പരീക്ഷയും വരും അതിൽ ഉണങ്ങിയ ചപ്പാത്തിയും കഴിക്കേണ്ടി വരും. എന്നാൽ നിശ്ചയവും, ലഹരിയും, യോഗത്തിന്റെ സിദ്ധിയുടെ ശക്തിയും ഉണങ്ങിയ ചപ്പാത്തിയെയും മൃദുവാക്കി മാറ്റും. പരവശപ്പെടുത്തില്ല. താങ്കൾ സിദ്ധി സ്വരൂപത്തിന്റെ ലഹരിയിൽ കഴിയൂ എങ്കിൽ ഒന്നിനും പരവശപ്പെടുത്താൻ സാധിക്കില്ല. എന്ത് സാധനമുണ്ടെങ്കിലും സുഖകരമായി ഉപയോഗിക്കൂ എന്നാൽ സമയത്ത് വഞ്ചിക്കരുത് - ഇത് പരിശോധിക്കൂ.

## സ്ലോഗൻ:- നിമിത്തമായി യഥാർത്ഥ പാർട്ടഭിനയിക്കൂ എങ്കിൽ സർവ്വരുടേയും സഹയോഗത്തിന്റെ സഹായം ലഭിച്ചുകൊണ്ടിരിക്കും.

**അവ്യക്ത സൈലൻസിലൂടെ ഡബിൾ ലൈറ്റ് ഫരിസ്താ സ്ഥിതിയുടെ അനുഭവം ചെയ്യൂ**
ഏത് കാര്യത്തിലും നവീനതയുടെ കണ്ടെത്തലിനായി ഏകാഗ്രതയുടെ ആവശ്യകതയുണ്ട്. ലൗകിക ലോകത്തിലെ കണ്ടെത്തലിനാകട്ടെ, ആദ്ധ്യാത്മിക കണ്ടെത്തലിനാകട്ടെ. ഏകാഗ്രത അർത്ഥം ഒരേഒരു സങ്കൽപത്തിൽ ഉറക്കുക. ഒരേഒരു ലഹരിയിൽ മഗ്നമാകുക. തന്റെ ശാന്ത സ്വരൂപ സ്ഥിതിയിൽ സ്ഥിതമാകുക, ഇതിലൂടെ ബുദ്ധിയുടെ അലച്ചിൽ സഹജമായി തന്നെ ഇല്ലാതാകും. ദേഹവും ദേഹത്തിന്റെ ലോകവും സഹജമായി തന്നെ മറന്ന് പോകും, ഡബിൾ ലൈറ്റ് ഫരിസ്താ സ്ഥിതിയുടെ അനുഭവമുണ്ടാകാൻ തുടങ്ങും.